2. ഞാറയ്ക്കൽ നിർമ്മിക്കുന്ന 17.90 ലക്ഷം ലിറ്റർ ശേഷിയുള്ള ഉന്നതതല ജലസംഭരണി.

3. കടമക്കുടി പഞ്ചായത്തിന് വേണ്ടിയുള്ള കുടിവെള്ള വിതരണ പദ്ധതിയുടെ മെച്ചപ്പെടുത്തൽ-പിഴലയിൽ നിർമ്മിക്കുന്ന രണ്ട് ലക്ഷം ലിറ്റർ ശേഷിയുള്ള ഉന്നതതല ജലസംഭരണി.

4. ജിഡ-ഫിഷറീസ് ഫണ്ട് ഉപയോഗിച്ച് എടവനക്കാട് നിർമ്മിക്കുന്ന ഉപരിതല ജലസംഭരണി.

(ബി)

1. മുരിക്കുംപാടം ടാങ്കിന് എഗ്രിമെന്റ് കാലാവധി കഴിഞ്ഞിട്ട് രണ്ടുതവണ സമയം ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്.

2. ഞാറയ്ക്കൽ ടാങ്കിനും കടമക്കുടി പഞ്ചായത്തിനുവേണ്ടിയുള്ള പിഴല ടാങ്കിനും എടവനക്കാട് ഉപരിതല സംഭരണിയുടെ പ്രവർത്തിക്കും ഓരോ തവണ സമയം ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്.

(സി) അനുവദിച്ചിരുന്ന സമയത്തിനുള്ളിൽ ജോലികൾ പൂർത്തീകരിക്കുവാൻ കരാറുകാരന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) എളങ്കുന്നപ്പുഴ, ഞാറയ്ക്കൽ, നായരമ്പലം പഞ്ചായത്തുകളിലെ കുടിവെള്ള വിതരണം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതി 5/2015-ലും കടമക്കുടി പഞ്ചായത്തിലെ കുടിവെള്ള വിതരണം മെച്ചപ്പെടുത്തുന്ന പദ്ധതി പൂർണ്ണ തോതിൽ 4/2015-ലും എടവനക്കാട് കുഴുപ്പിള്ളി പഞ്ചായത്തുകൾക്ക് വേണ്ടിയുള്ള ഉപരിതല ജലസംഭരണി 31-12-2014-ലും പൂർണ്ണതോതിൽ പൂർത്തീകരിക്കുവാൻ ലക്ഷ്യമിടുന്നു.

ഒരു പഞ്ചായത്തിൽ ഒരു കുളം എന്ന പദ്ധതി

195 (2750) ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒരു പഞ്ചായത്തിൽ ഒരു കുളം എന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) പ്രസ്തുത പദ്ധതി നടത്തിപ്പിനായി എന്തെല്ലാം തരത്തിലുള്ള ധനസഹായങ്ങളാണ് പ്രയോജനപ്പെടുത്തുന്നത് ;

(ഡി) പ്രസ്തുത പദ്ധതിയുടെ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഒരു പ്രദേശത്തിന്റെ ജലലഭ്യതയും കൃഷിയും നിലനിർത്തുക, ഭൂഗർഭ ജലം സംരക്ഷിക്കുക, ജലവിതാനം ഉയർത്തുക, മഴക്കാലത്ത് ലഭ്യമാകുന്ന അധികജലം സംഭരിച്ച് ജലലഭ്യത കുറഞ്ഞ സമയങ്ങളിൽ കൃഷിക്കും മറ്റ് ആവശ്യങ്ങൾക്കും ലഭ്യമാക്കുക, ഉൾനാടൻ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുക, ഭൂഗർഭ ശോഷണം തടഞ്ഞ് ഭൂഗർഭ ജലവിതാനം നിലനിർത്തുക, പാരിസ്ഥിതിക ധർമ്മങ്ങൾക്കായുള്ള ജലം ലഭ്യമാക്കുക എന്നിവയാണ് പ്രധാനലക്ഷ്യങ്ങൾ.

(സി) സംസ്ഥാന സർക്കാരിന്റെ ഫണ്ട് ഉപയോഗിച്ചാണ് പദ്ധതി നടപ്പാക്കുന്നത്.

(ഡി) ഉണ്ട്. ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതി പ്രകാരം 354 കുളങ്ങൾക്ക് അംഗീകാരം നൽകുകയും അതിൽ 119 കുളങ്ങൾ നവീകരിക്കുകയും ചെയ്തിട്ടുണ്ട്. മറ്റുള്ളവയുടെ പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലായി നടന്നുവരുന്നു.

ഒരു പഞ്ചായത്തിൽ ഒരു കുളം എന്ന പദ്ധതി

196 (2751) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതിയിൽ ഉൾപ്പെടുത്തി ഇതുവരെ എത്ര കുളങ്ങൾ നവീകരിച്ചിട്ടുണ്ട് എന്ന് വിശദമാക്കാമോ ;

(ബി) അരൂർ മണ്ഡലത്തിലെ ഏതൊക്കെ കുളങ്ങൾ നവീകരിക്കുന്നതിനുള്ള നിർദ്ദേശമാണ് നൽകിയിട്ടുള്ളത് ;

(സി) ഈ പദ്ധതി നടപ്പിലാക്കിയിട്ടില്ല എങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ ;

(ഡി) ഈ പദ്ധതി എന്നത്തേക്ക് നടപ്പിലാക്കും എന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly